പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 301

# 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 301

# 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

228/2026.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 301

# 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2026-2027 സാമ്പത്തിക വർഷത്തേക്കുള്ള
കേരള സർക്കാരിന്റെ ചില ധനകാര്യ
നിർദ്ദേശങ്ങൾക്ക് പ്രാബല്യം
നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2026-2027 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് (2003-ലെ 30) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2026 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 2003-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.—2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിലെ (2003-ലെ 30) 3-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"3. ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി.—ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ, മുൻവർഷത്തെ സംസ്ഥാനത്തിന്റെ വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനം വരെയോ അല്ലെങ്കിൽ അതാത് സാമ്പത്തിക വർഷത്തെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 10 ശതമാനം വരെയോ, ഇവയിൽ ഏതാണോ കുറവ്, അതായിരിക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2026-2027 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റ് (2003-ലെ 30) ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

കെ. എൻ. ബാലഗോപാൽ

## 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്റ്റിൽ (2003-ലെ 30) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

"3. ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി.—ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്.".

** ** ** **